LIBRARY ARCHIVES Kerala Legislative Assembly

ഓച്ചിറ ക്ഷേത്രോത്സവവുമായി ബന്ധപ്പെട്ട വൈദ്യുതി തടസ്സം

232 (617) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓച്ചിറ ക്ഷേത്രോത്സവത്തിന് പടുകൂറ്റൻ കെട്ടുകാളകളെ കൊണ്ടുവരുന്നതുമൂലം ദിവസങ്ങളോളം വൈദ്യുതി ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കുവാൻ ഭൂമിയ്ക്കടിയിലൂടെ വൈദ്യുത ലൈൻ വലിക്കുന്ന നടപടി വിശദമാക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓച്ചിറ ക്ഷേത്രത്തിലെ ഉത്സവത്തിന്, കെട്ടുകാളകളെ കൊണ്ടുവരുന്ന വഴികൾ മുൻകൂട്ടി തീരുമാനിച്ച്, പ്രസ്തുത റൂട്ടുകൾ പരിശോധിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ലൈനുകൾ അഴിച്ചുമാറ്റി വൈദ്യുതി തടസ്സം സമയപരിധി കുറയ്ക്കുന്ന പ്രവൃത്തികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. കെട്ടുകാള വരുന്ന റൂട്ടുകളിൽ ഭൂമിയ്ക്കടിയിലൂടെ വൈദ്യുത കേബിൾ സ്ഥാപിക്കുക വഴി പ്രസ്തുത വൈദ്യുതി തടസ്സം കുറയ്ക്കാൻ സാധിക്കുന്നതാണ്. കരുനാഗപ്പള്ളി എം.എൽ.എ.-യും ഉദ്യോഗസ്ഥരുമായി നടത്തിയ യോഗത്തിൽ അമ്പല കമ്മിറ്റിയുമായി ചർച്ച ചെയ്ത് കൃത്യമായ റൂട്ടുകൾ നിശ്ചയിക്കാമെന്നാണ് തീരുമാനം ഉണ്ടായത്. കെട്ടുകാള വരുന്ന റൂട്ട് തീരുമാനിച്ച്, ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ തുക ഒടുക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

തച്ചമ്പാറ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം

233 (618) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ തച്ചമ്പാറ പഞ്ചായത്തിൽ പാലക്കുന്ന് പ്രദേശത്ത് പ്രസരണ ലൈൻ തോട്ടുകളുടെയും പുഴകളുടെയും മുളംകാടുകളുടെയും മുകളിലൂടെ പോകുന്നതുമൂലം വൈദ്യുതി തകരാർ പരിഹരിക്കാനോ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനോ കഴിയാത്തതുമൂലം രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വൈദ്യുതി തകരാറുകൾ കഴിയുന്നത്ര യഥാസമയം പരിഹരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പാലക്കയം ജംഗ്ഷൻ അച്ചിലട്ടി റോഡ് വഴി ത്രീഫേസ് ലൈൻ വലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പാലക്കയം കപ്പക്കുന്ന് അച്ചിലട്ടി റോഡിലൂടെ 1 കിലോമീറ്റർ 3 ഫേസ് ലൈൻ വലിക്കുന്നതിന് 6,69,851 (ആറുലക്ഷത്തി അറുപത്തി ഒമ്പതിനായിരത്തി എണ്ണൂറ്റി അമ്പത്തി ഒന്ന്) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പത്തിൽ താഴെ ഗുണഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. എം.എൽ.എ. ഫണ്ടിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഗുണഭോക്താക്കളോടി എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പാറശ്ശാല ഒറ്റശേഖരമംഗലത്ത് 110 കെ.വി. സബ്സ്റ്റേഷൻ

234 (619) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ആര്യൻകോട്, കളളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ആര്യൻകോട്, കളളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര ഗ്രാമ പ്രദേശങ്ങളിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുണ്ട്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ നടന്നുവരുന്നു. സാങ്കേതിക പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ആയതിന്റെ പുരോഗതി അറിയിക്കാമോ?

ടി സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി കെ.എസ്.ഇ.ബി.-യുടെ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക നിഗമനം അനുസരിച്ച് 21.63 കോടി രൂപ ഈ പദ്ധതിക്കായി ചെലവാകും.

LIBRARY ARCHIVES Kerala Legislative Assembly